# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.182

### 12-06-2018 ൽ മറുപടിക്ക്

**കിഫ്ബി പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി ബോണ്ടുകൾ**

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി വിദേശരാജ്യങ്ങളിൽ ബോണ്ടുകൾ ഇറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | വിദേശ നിക്ഷേപത്തിലൂടെയുള്ള ധനസമാഹരണത്തിന്റെ ആദ്യഘട്ടമായി സിംഗപ്പൂർ, യു.കെ എന്നീ വിദേശ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനായി കിഫ്ബിയുടെ മുപ്പത്തിയൊന്നാമത് ബോർഡ് യോഗം തീരുമാനിക്കുകയും ആക്സിസ് ബാങ്കിനെ അഡ്വൈസറായി നിയമിക്കുകയും ചെയ്തു. മസാല ബോണ്ട് പുറപ്പെടുവിക്കുന്നതിന്റെ തുടർ നടപടികൾക്കായി DLA Piper, Cyril Amarchand Mangal Das, HSBC എന്നിവരെ യഥാക്രമം International Legal Counsel, Domestic Legal Counsel, Trustee എന്നീ സ്ഥാനങ്ങളിലും Fitch, S&P എന്നീ ഏജൻസികളെ റേറ്റിംഗ് ഏജൻസികളായും നിയമിച്ചു. ഇതു സംബന്ധിച്ച് ചർച്ചകൾ ജൂൺ ആദ്യവാരം നടത്തുന്നതിനും ജൂലൈ ആദ്യവാരത്തോടെ ബോണ്ട് പുറപ്പെടുവിക്കാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മസാല ബോണ്ടുകൾ വഴി മൂന്ന് വർഷക്കാലയളവിൽ 5,000 കോടി രൂപ സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ ബോണ്ടുകൾ ഇറക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; | |
| (സി) പ്രസ്തുത ബോണ്ടുകളുടെ വിശദാംശം വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ